ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 28.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലുള്ള ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുമായി ആശയവിനിമയം നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി; ഈ യാത്ര ഓരോ ഇന്ത്യക്കാരനും വേണ്ടിയുള്ളതെന്ന് ശുഭാംശു.
   **PM Modi Interacts with Group Captain Shubhanshu Shukla Aboard ISS; This journey is for every Indian, says Shubhanshu.**
2. ഇന്ത്യയിൽ അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്കിൽ 78 ശതമാനം കുറവു വന്നതായി ഐക്യരാഷ്ട്രസഭ.
   **The United Nations has reported a 78 percent reduction in the mortality rate of children under five in India.**
3. കേരള സർക്കാരിൻറെ സാർവത്രിക പാലിയേറ്റീവ് കെയർ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
   **Chief Minister Pinarayi Vijayan inaugurated the Kerala government's Universal Palliative Care Scheme.**
4. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11ന്.
   **PM Modi to Share His Thoughts in ‘Mann Ki Baat’ on Akashvani at 11 AM Tomorrow.**
5. ഇസ്രയേൽ-ഇറാൻ സംഘർഷശേഷവും ഗൾഫ് മേഖലയിലെ വികിരണ തോത് സാധാരണ നിലയിൽ തുടരുന്നതായി അന്താരാഷ്ട്ര ആണവോർജ ഏജൻസി.
   **International Atomic Energy Agency says radiation level in Gulf region remains normal following Israel-Iran war.**

6. വനിതാ ട്വൻ്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇംഗ്ലണ്ട് ഇന്ത്യയെ ബാറ്റിങ്ങിനയച്ചു.

**England won the toss and put India in to bat in the first match of the women's Twenty20 cricket series.**

**&&&&&&&&&&&&&&&&&**

## PM – SHUBHANSHU SHUKLA (INTRO)

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലുള്ള ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആശയവിനിമയം നടത്തി. വീഡിയോ കോൺഫറൻസിലൂടെയാണ് പ്രധാനമന്ത്രി ശുഭാംശുവുമായി സംസാരിച്ചത്. ബഹിരാകാശത്താണെങ്കിലും ശുഭാംശു ഇന്ത്യയുടെ വളരെ അടുത്താണെന്നും 140 കോടി ഇന്ത്യാക്കാരുടേയും മനസിൽ ശുഭാംശു ഉണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

ഇതൊരു പുതിയ അനുഭവമാണെന്നും താൻ സുരക്ഷിതനാണെന്നും ശുഭാംശു ശുക്ല പ്രതികരിച്ചു. ഓരോ ഇന്ത്യാക്കാരനും വേണ്ടിയാണ് തൻ്റെ യാത്രയെന്നും സ്വപ്നയാത്രയ്ക്ക് അവസരം നൽകിയതിന് നന്ദിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

ബുധനാഴ്ചയാണ് ഇന്ത്യൻ ബഹിരാകാശയാത്രികനായ ശുഭാംശു ശുക്ലയെയും വഹിച്ച് ആക്സിയം -4 ദൗത്യം വിജയകരമായി വിക്ഷേപിച്ചത്. 1984 ൽ സോവിയറ്റ് ദൗത്യത്തിൻ്റെ ഭാഗമായി വിങ് കമാൻഡർ രാകേഷ് ശർമ്മ ബഹിരാകാശ യാത്ര നടത്തിയതിന് നാല് പതിറ്റാണ്ടുകൾക്ക് ശേഷം, ബഹിരാകാശത്തെത്തുന്ന രണ്ടാമത്തെ ഇന്ത്യൻ ബഹിരാകാശയാത്രികനാണ് ക്യാപ്റ്റൻ ശുക്ല.

**&&&&&&&&&&&&&&&&&**

## PM – ACHARYA

വികസനവും പൈതൃകവും ഒരുപോലെ സ്വീകരിച്ച് ഇന്ത്യ മുന്നോട്ട് പോകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രമുഖ ജൈന ആത്മീയ നേതാവും സാമൂഹ്യ പരിഷ്കർത്താവുമായ ആചാര്യ വിദ്യാനന്ദ് ജി മഹാരാജിന്റെ ജന്മ ശതാബ്ദി ആഘോഷങ്ങൾ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## INDIA – MORTALITY RATE

ഇന്ത്യയിൽ അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്കിൽ 78 ശതമാനം കുറവുണ്ടായതായി ഐക്യരാഷ്ട്രസഭ. ആഗോളതലത്തിൽ ഇത് 61 ശതമാനമാണ്. ഐക്യരാഷ്ട്രസഭയുടെ 2024ലെ റിപ്പോർട്ട് അനുസരിച്ച്, രാജ്യത്ത് നവജാത ശിശു മരണനിരക്കിലും 70 ശതമാനത്തിന്റെ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## GUJARAT – AMIT SHAH

ഗുജറാത്തിലെ ഗോധ്രയിൽ ശ്രീ ഗോവിന്ദ് ഗുരു വിശ്വവിദ്യാലയത്തിലെ വിവിധ പദ്ധതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വെർച്വലായി ഉദ്ഘാടനം ചെയ്തു. പുതുതായി നിർമ്മിച്ച മികവിന്റെ കേന്ദ്രം, മിയാവാക്കി മാതൃക വനം, ജലസംഭരണി, കായികസമുച്ചയം എന്നിവ അദ്ദേഹം ഉദ്ഘാടനം ചെയ്തു. അഹമ്മദാബാദിലെ അഡാറോഡ ഗ്രാമത്തിലെ സഹകരണ സമുച്ചയവും ജുവാൾ ഗ്രാമത്തിലെ പ്രൈമറി സ്കൂളും അദ്ദേഹം ഉദ്ഘാടനം ചെയ്ത പദ്ധതികളിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

## NAGPUR – CJI

സമാധാന കാലത്തും യുദ്ധസമയത്തും ഇന്ത്യയെ ഐക്യത്തോടെ നിലനിർത്തിയത് ഭരണഘടനയാണെന്ന് ചീഫ് ജസ്റ്റിസ് ബി ആർ ഗവായ്. ശക്തമായ ഭരണഘടന രൂപപ്പെടുത്താൻ ഇന്ത്യൻ ഭരണഘടനാശിൽപ്പി ഡോ. ബി.ആർ. അംബേദ്കർ കഠിനാധ്വാനം നടത്തിയതായി ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെട്ടു. നാഗ്പുർ സർവകലാശാലയിലെ ഡോ.

ബാബാസാഹേബ് അംബേദ്കർ ലോ സ്കൂൾ ക്യാമ്പസിൽ രാജ്യത്തെ പ്രഥമ ഭരണഘടനാ ആമുഖ പാർക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

## IAEA – IRAN NUCLEAR

ഇസ്രയേൽ-ഇറാൻ സംഘർഷശേഷവും ഗൾഫ് മേഖലയിലെ വികിരണ തോത് സാധാരണ നിലയിലെന്ന് അന്താരാഷ്ട്ര ആണവോർജ ഏജൻസി ഡയറക്ടർജനറൽ, റാഫേൽ മരിയാനോ ഗ്രോസി. 12 ദിവസത്തെ സംഘർഷം ഇറാനിലെ വിവിധ ആണവ കേന്ദ്രങ്ങൾക്ക് കാര്യമായ നാശമുണ്ടാക്കിയിരുന്നു. 48 രാജ്യങ്ങൾ ഉൾപ്പെടുന്ന ശൃംഖലയായ അന്താരാഷ്ട്ര വികിരണ നിരീക്ഷണ സംവിധാനത്തിൽനിന്നുള്ള വിവരങ്ങളിൽ അസാധാരണമായ ഒന്നും തന്നെയില്ല എന്ന് ആണവോർജ ഏജൻസി ഡയറക്ടർജനറൽ പറഞ്ഞു.

&&&&&&&&&&&&&&&&&

## GOVT – RAW

മുതിർന്ന ഐപിഎസ് ഉദ്യോഗസ്ഥൻ പരാഗ് ജെയിൻ, റിസർച്ച് ആൻഡ് അനാലിസിസ് വിങ് - 'റോ'യുടെ പുതിയ സെക്രട്ടറിയാകും. നിലവിലെ സെക്രട്ടറി രവി സിംഹ സ്ഥാനമൊഴിയുന്ന പശ്ചാത്തലത്തിൽ രണ്ടുവർഷക്കാലയളവിലേക്കാണ് നിയമനം. പഞ്ചാബ് കേഡറിലെ 1989 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ് ശ്രീ പരാഗ് ജെയിൻ.

&&&&&&&&&&&&&&&&&

## ECI – SPECIAL INTENSIVE REVISION

കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ, ബിഹാറിൽ വോട്ടർപട്ടികയുടെ പ്രത്യേക തീവ്ര പുനഃപരിശോധന ആരംഭിച്ചു. നിലവിൽ 243 നിയമസഭാ മണ്ഡലങ്ങളിലായി, 7 കോടി 89 ലക്ഷത്തിലധികം വോട്ടർമാരാണു ബിഹാറിലുള്ളത്. വയോധികർ, രോഗികൾ, ഭിന്നശേഷിക്കാർ, ദരിദ്രർ, കരുതൽവേണ്ട മറ്റു വിഭാഗങ്ങൾ എന്നിവരെ സഹായിക്കാൻ ഒരുലക്ഷത്തിലധികം സന്നദ്ധപ്രവർത്തകരെയും സജ്ജമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാം പതിപ്പാണിത്. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

&&&&&&&&&&&&&&&&&&

## PABITRA MARGEREETTA

മൻ കീ ബാത്ത് രാജ്യത്തെ അടിസ്ഥാന വർഗ ജനവിഭാഗങ്ങളുടേയും യുവാക്കളുടേയും ശബ്ദമായി മാറിയെന്ന് കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരിറ്റ. യുവജനകാര്യ, കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലാതല മൻ കി ബാത്ത് ടാലൻറ് ഹണ്ട് സീസൺ 5 ന്റെ ഉദ്ഘാടനം, തിരുവനന്തപുരത്തു നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## KERALA CM – PALIATIVE CARE (INTRO)

കേരള സർക്കാർ നടപ്പാക്കുന്ന സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും, 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെ പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പാലിയേറ്റീവ് കെയർ സേവനങ്ങൾ സമൂഹത്തിന്റെ ഉത്തരവാദിത്വം ആണെന്ന ബോധ്യത്തിലൂടെ മാത്രമേ ഇത്തരം സംരഭങ്ങൾ പൂർണ വിജയത്തിൽ എത്തിക്കാൻ കഴിയൂവെന്ന് മുഖ്യമന്ത്രി പറഞ്ഞു.

(VOICE)

&&&&&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക -

ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിനു വിലക്കുണ്ട്. കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിലെ വിവിധയിടങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## Mansukh Mandavya (Intro)

സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ചരിത്രപരമായ കുതിച്ചുചാട്ടത്തിന് ഇന്ത്യ സാക്ഷ്യം വഹിക്കുകയാണെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന. ഇതുസംബന്ധിച്ച അന്താരാഷ്ട്ര തൊഴിൽ സംഘടനാ ഡയറക്ടർ ജനറൽ ഗിൽബർട്ട് എഫ്. ഹൗങ്ബോയുടെ പ്രസ്താവന കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ സാമൂഹ്യ മാധ്യമത്തിൽ പങ്കുവച്ചു. കരുത്തുറ്റതും ഏവരെയും ഉൾക്കൊള്ളുന്നതുമായ സാമൂഹിക സുരക്ഷാ വലയം കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യയുടെ പരിവർത്തന യാത്രയെ ഐ എൽ ഓ ഡയറക്ടർജനറൽ പ്രകീർത്തിച്ചു.
(വോയ്സ്)

&&&&&&&&&&&&&&&&&&

## WOMENS 20-20

വനിതാ ട്വൻറി-ട്വൻറി ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇംഗ്ലണ്ട് ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. അഞ്ചു മത്സരങ്ങളാണ് ഇംഗ്ലണ്ടിൽ നടക്കുന്ന പരമ്പരയിലുള്ളത്. ഹർമൻപ്രീത് കൗർ ആണ് ഇന്ത്യൻ ടീമിന്റെ ക്യാപ്റ്റൻ.

&&&&&&&&&&&&&&&&&&

## PM - VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത മാസം 2 മുതൽ, അഞ്ചു രാജ്യങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളിലാണ് പ്രധാനമന്ത്രിയുടെ എട്ട് ദിവസത്തെ സന്ദർശനം.

&&&&&&&&&&&&&&&&&&

## GOVT-AGROFORESTRY

കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള മാതൃകാനിയമങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു. കർഷകരുടെ വരുമാനം ഇരട്ടിയാക്കുക, വനങ്ങൾക്ക് പുറത്ത് മരങ്ങളുടെ വ്യാപനം വർദ്ധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുക, തടി ഇറക്കുമതി കുറയ്ക്കുക, സുസ്ഥിര ഭൂവിനിയോഗം ഉറപ്പാക്കുക തുടങ്ങിയവ ലക്ഷ്യമാക്കിയാണ് നിയമം ആവിഷ്കരിച്ചത്.

&&&&&&&&&&&&&&&&&&

## L MURUGAN

19-ാം ധീവര ദിനാചരണത്തിൻറെ ഭാഗമായി അഖില കേരള ധീവര സഭയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻ പങ്കെടുത്തു. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ഹാളിലാണ് സംസ്ഥാന സമ്മേളനം സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## GEORGE KURIAN

എറണാകുളത്തെ ചെല്ലാനത്ത് ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന മന്ത്രി സജി ചെറിയാനും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## GAZA-KILLED

ഗാസയിൽ, ഇന്നലെ രാത്രി മുതൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണങ്ങളിൽ 49 പേർ കൊല്ലപ്പെട്ടു. അതേസമയം, സംഘർഷം രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ, ഒരാഴ്ചയ്ക്കുള്ളിൽ വെടിനിർത്തൽ സംബന്ധിച്ച് ധാരണയുണ്ടാകുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറഞ്ഞു. ചർച്ചകൾക്കായി ഇസ്രയേൽ മന്ത്രി റോൺ ഡെർമർ, വാഷിങ്ടണിൽ എത്തും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&